


ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ

# പാവറട്ടിയുടെ പുണ്യ പുഷ്പം

തയ്യാറാക്കിയത് : ഫാ. പോളി പയ്യപ്പിള്ളി CMI

**പാവറട്ടി കൊവേന്തയുടെ വലിയ ദേവാലയത്തിലെ ചെറിയ അൾത്താരകളിലൊന്നിൽ തന്റെ രൂപം സ്ഥാപിക്കപ്പെടുന്നതായും പാവറട്ടി എന്ന നാടിന്റെ നില താൻമൂലം ഉയരുന്നതായും 14 വസ്സുള്ള ബാലൻ കനവു കണ്ടു.**

**സ്വന്തം വിശുദ്ധജീവിതത്തിലൂടെ ജനിച്ച നാടിന്റെ യശസ്സ് ഉയരണമെന്ന ദൃഢനിശ്ചയത്തോടെ ജീവിച്ച ആ ബാലനെ അറിയുമോ ? പാവറട്ടിയിൽ അപ്രകാരം ഒരാൾ ജീവിച്ചിരുന്നു. പേര് ഇട്ടൂപ്പുണ്ണി!**

മഹത് വ്യക്തികളുടെ സ്ഥലനാമങ്ങൾ പ്രശസ്തിയാർജ്ജിക്കാറുണ്ട്. സ്വന്തം പേരിനോടൊപ്പം പിറന്ന നാടിന്റെ നാമം തുന്നിച്ചേർക്കുന്നത് അഭിമാനമായി കരുതുകയും കലാഗതിയിൽ പ്രസ്തുത പേരുമായി സ്വയം താദാത്മ്യപ്പെടുകയും ചെയ്യുന്നവരും സുപരിചിതരാണ്. വിശുദ്ധരുടേയും മഹാത്മാക്കളുടെയും ജന്മം കൊണ്ടോ കർമ്മം കൊണ്ടോ ദേശങ്ങൾ വിശുദ്ധമായിത്തീരുന്നതും ഉലകപ്പുകഴ് നേടുന്നതും നാം കണ്ടുവരുന്നു. എന്നാൽ സ്വന്തം വിശുദ്ധജീവിതത്തിലൂടെ ജനിച്ച നാടിന്റെ യശസ്സ് ഉയരണമെന്ന ദൃഢനിശ്ചയത്തോടെ ജീവിച്ച ഒരുവനെ അറിയുമോ ? പാവറട്ടിയിൽ അപ്രകാരം ഒരാൾ ജീവിച്ചിരുന്നു. പേര് ഇട്ടൂപ്പുണ്ണി!

പാവറട്ടി ഇടവകയിലെ പുതുമനശ്ശേരിയിൽ ഒലക്കേങ്കിൽ ആനട്ടി കുടുംബത്തിൽ പൗലോസ് മറിയം ദമ്പതിമാരുടെ ആറു മക്കളിൽ നാലാമനായി 1920 നംവബർ 2–ാം തിയ്യതി ഇട്ടൂപ്പുണ്ണി ജനിച്ചു. സ്വന്തം കുടുംബവകയായ പുതുമനശ്ശേരി സെന്റ് മേരീസ് എലമെന്ററി സ്കൂളിലും തുടർന്ന് പാവറട്ടി സെന്റ് തോമസ് ആശ്രമത്തോട് അനുബന്ധിച്ചുള്ള സെന്റ് ജോസഫ്സ് ഹൈസ്കൂളിലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി.

എനിക്ക് ഓർമ്മവെച്ച നാൾ മുതലേ കുടുംബത്തിൽ ഒരു ആദ്ധ്യാത്മിക അന്തരീക്ഷം ഉണ്ടായിരുന്നു. സ്വന്തം കുടുംബത്തെക്കുറിച്ച് ഇട്ടൂപ്പുണ്ണി പറയുന്നു. തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട് തിരുഹൃദയത്തിന് യോഗ്യമായ വിധം വ്യാപരിച്ച കുടുംബം! ഇടയ്ക്കിടെ ഒരുമിച്ചുകൂടി

ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ പാരായണം ചെയത് ചർച്ച നടത്തി ആത്മീയബോധ്യ ങ്ങളെ സ്വാംശീകരിക്കുന്ന ത് പതിവാക്കിയ കുടുംബം! ആ കുടുംബത്തെ നയിച്ചതു സുകൃതികളായ മാതാപിതാക്കളായിരുന്നു. എല്ലാറ്റിനുമുപരി കുടുംബത്തിലെ മൂത്ത സഹോദരി കുഞ്ഞേത്തി, സുകൃതങ്ങളിൽ വളരുന്നതിന് ഇട്ടൂപ്പുണ്ണിയുടെ ആത്മീയ വഴികാട്ടിയായി.

7–ാം വയസ്സിൽ ഇട്ടൂപ്പുണ്ണി ഒരു തീരുമാനമെടുത്തു ഒരു വിശു ദ്ധനാകണം. ഇട്ടൂപ്പുണ്ണിയുടെ പുണ്യവാനാകുക എന്ന തീരുമാന ത്തിന് ആരംഭകാലത്ത് ലോക ത്തിന്റെ സ്തുതി ബഹുമാനങ്ങൾ പ്രേരണയായിരുന്നു. നമ്മുടെ നാട്ടിൽ ഇതുവരെയും പുണ്യവാന്മാ രുണ്ടായിട്ടില്ല. ഈ പ്രസ്താവന വളരെ വിഷമത്തോടെയാണ് ഇട്ടൂപ്പുണ്ണി കേട്ടത്. അന്യനാട്ടുകാർക്ക് കൈവന്ന ഭാഗ്യം നമുക്കില്ലല്ലോ എന്നോർത്ത് അവൻ ദുഃഖിതനായി. സ്വരാജ്യസ്നേഹം ഒരു വിശുദ്ധനാ കുന്നതിന് അവനെ പ്രേരിപ്പിച്ചു. പാവറട്ടി കൊവേന്തപ്പള്ളിയിലെ ചെറിയ അൾത്താരകളിൽ ഒന്നിൽ ഞാൻ പ്രതിഷ്ഠിക്കപ്പെടും. പാവറട്ടി യുടെ നില ഞാൻ മൂലം ഉയരും. ഇന്ത്യയിലെ ആദ്യത്തെ പുണ്യവാള നാകണം. എന്റെ മൃതശരീരം പാവറ ട്ടിയിൽ അടക്കപ്പെടണം ഇത് ഇട്ടൂ പ്പുണ്ണിയുടെ സ്വപ്നമായിരുന്നു.

എങ്ങനെയാണ് വിശുദ്ധനാ കുക? താൻ സ്വീകരിക്കേണ്ട ജീവിതാ ന്തസ്സ് ഏതാണ്? വിശുദ്ധിയിലേ യ്ക്കുള്ള തന്റെ മാർഗ്ഗം സന്യാസമാ ണെന്ന് അന്വേഷണത്തിലൂടെ ഇട്ടൂ പ്പുണ്ണി തിരിച്ചറിഞ്ഞു. സന്യാസ ദൈവവിളി സ്വീകരിച്ച് 14–ാം വയസ്സിൽ സി. എം. ഐ. സഭാപ്രവേശനത്തിനായി ഇട്ടൂ പ്പുണ്ണി വീട്ടിൽ നിന്നിറങ്ങി. ഭാവിയെക്കുറിച്ച് നന്നായി ചിന്തിച്ചു വിഷമങ്ങൾ മുഴുവനും മനസ്സിലാക്കിയശേഷമാണ് ഞാൻ വീട്ടിൽ നിന്ന് പുറപ്പെട്ടത്. വിടീന്റെ കട്ടിളപ്പടി കടന്ന പ്പോൾ അതെന്റെ അന്ത്യയാത്രയായി കരു തി. ഇനി ഞാൻ മുഴുവനായും അധികാരിക ളുടെ കീഴിലാണ്. അവർ എവിടേയ്ക്ക് അയച്ചാലും ഞാൻ പോകും. ഇനി ഒരി ക്കലും വീട്ടിലേയ്ക്ക് തിരിച്ചുവരാതിരിക്കുന്ന തിനും ഒരുക്കമായിരുന്നു. എന്റെ കുടും ബത്തെ സംബന്ധിച്ചിടത്തോളം ഞാൻ

## ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിലിന്റെ ജന്മശതാബ്ദി ആഘോഷിച്ചു



പുണ്യശ്ലോകൻ ഫാ. ഡൺസ്റ്റൻ ഒലക്കേങ്കലിന്റെ ജന്മ ശതാബ്ദി സി. എം. ഐ. കോയമ്പത്തൂർ പ്രേഷിത സമൂഹം ആഘോഷിച്ചു. വി. കുർബ്ബാന യ്ക്കുശേഷം ജന്മശതാബ്ദി ആഘോഷ സമ്മേ ളനം നടത്തി. പ്രേഷിത പ്രവിശ്യാധിപൻ സ്വാഗതം പറഞ്ഞു. പാലക്കാട് രൂപതാ ബിഷപ്പ് മാർ ജേക്കബ്ബ് മനത്തോടത്ത് ആഘോഷപരിപാടികൾ ഉദ്ഘാ ടനം ചെയ്തു.

അന്ന് മനസ്സാ മരിച്ചുകഴിഞ്ഞിരുന്നു. വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ അവനിൽ ദൃഢമായിരുന്ന അവബോധമാണിത്.

അങ്ങനെ സർവ്വസംഗ പരിത്യാഗ മനോഭാവത്തോടെ പാവറട്ടിയിലെ യോഗാർത്ഥി ഭവനത്തിൽ ഇട്ടൂപ്പുണ്ണി അർത്ഥിയായി പ്രവേശിച്ചു. അമ്പഴക്കാട് സെന്റ് തെരേസാസ് മൊണാസ്റ്ററിയിലായിരുന്നു നവസന്യാസ പരിശീലനം. ബ്ര. ഡൺസ്റ്റൻ എന്ന നാമധേയം സ്വീകരിച്ചുകൊണ്ട് 1939 നവംബർ 24ന് ആദ്യവ്രതവാദ്ഗാനം നടത്തി. വൈദികപരിശീലനത്തിനു ശേഷം 1947 മെയ് 31ന് വൈദികപട്ടം സ്വീരിച്ചു.



1953 മുതൽ ഡൺസ്റ്റനച്ചൻ തൃശ്ശൂർ ദേവമാത പ്രവിശ്യയിലെ അംഗവും 1979 മുതൽ കോയമ്പത്തൂർ പ്രേഷിത പ്രവിശ്യയിലെ അംഗവുമായിരുന്നു. തന്റെ 86 വയസ്സുവരെ നീണ്ട സന്യാസ വൈദിക ജീവിതത്തിൽ ആശ്രമശ്രേഷ്ഠൻ, നവസന്യാസ ഗുരു, യോഗാർത്ഥി പരിശീലകൻ, സന്യാസ പരിശീലന സഹായി, ഇടവക വികാരി എന്നിങ്ങനെ വിവിധ സേവനരംഗങ്ങളിൽ വ്യാപൃതനായിരുന്നു.

കുമ്പസാരക്കൂട്ടിലിരുന്ന് അനേകരെ അനുരഞ്ജന കൂദാശയിലൂടെ ദൈവബന്ധത്തിലേയ്ക്ക് നയിക്കുന്നത് ഒരു പുണ്യകർമ്മമായി ഡൺസ്റ്റനച്ചൻ കരുതി. അദ്ദേഹം ഒരുപാടു പേരുടെ കുമ്പസാരക്കാരനും ആദ്ധ്യാത്മിക പിതാവുമായിരുന്നു. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പൻ പിതാവിനു പ്രിയങ്കരനായ കുമ്പസാരക്കാരനായിരുന്നു ഡൺസ്റ്റനച്ചൻ

നന്നെ ചെറുപ്പത്തിൽ വിശുദ്ധനാകുകയെന്ന ഉദ്ദേശ്യത്തോടെ നാടും വീടും വിട്ട് സന്യാസത്തിൽ പ്രവേശിച്ച ഡൺസ്റ്റനച്ചൻ ബന്ധങ്ങളുടെ ബന്ധനങ്ങളിൽ നിന്നും നിരന്തരം അകന്നുനിന്നു. എന്നാൽ സ്വന്തം കുടുംബത്തോടും താൻ ജനിച്ചുവളർന്ന പാവറട്ടിയോടും സ്നേഹവാത്സല്യങ്ങളുടെ അദൃശ്യമായ ഒരു പൊൻതൂവൽ ബന്ധം അദ്ദേഹം അകമെ കരുതിയിരുന്നു

ഒരു ദിവസം ഡൺസ്റ്റനച്ചൻ ചിന്തിച്ചു ഞാൻ വൈദികനായിട്ട് എന്റെ സ്വന്തം ഇടവകയ്ക്കുവേണ്ടി ഒന്നു ചെയ്തിട്ടില്ല. എന്ത് ഉപകാരമാണ് ചെയ്യാൻ കഴിയുക? ഇടവകത്തിരുനാളിന്റെ അവസരത്തിൽ കുമ്പസാരം നടത്തിക്കൊടുക്കാം. അച്ചൻ തീരുമാനമെടുത്തു. ഇടവക വികാരിയുടെ അനുവാദം വാങ്ങി. ദിവസം മുഴുവൻ അച്ചൻ കുമ്പസാരിപ്പിക്കാനിരുന്നു. രാത്രി വെടിക്കെട്ട് തുടങ്ങാൻ നേരമായി സെക്യൂരിറ്റിക്കാരൻ റോന്തുചുറ്റിയപ്പോൾ പള്ളിയ്ക്കകത്ത് ആരോ ഇരിക്കുന്നു. ഉടനെ അദ്ദേഹം വികാരിയച്ചനെ വിവരമറിയിച്ചു. പള്ളി അടയ്ക്കണം. പക്ഷേ പള്ളിയ്ക്കകത്ത് ആരോ ഇരിക്കുന്നുണ്ട്. വികാരിയച്ചൻ തേടി വന്നു ആരായിരിക്കും ഈ നേരത്ത് പള്ളിയ്ക്കകത്ത്? ഡൺസ്റ്റനച്ചൻ പള്ളിയിലിരുന്ന് കാനോന നമസ്കാരം ചൊല്ലുകയായിരുന്നു. ദിവസം മുഴുവൻ കുമ്പസാരിപ്പിക്കാൻ ഇരുന്നതുകൊണ്ട് പ്രാർത്ഥനകളൊന്നും നിറവേറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല.

ആദ്ധ്യാത്മിക കാര്യങ്ങളിൽ അദ്ദേഹത്തിനു വലിയ നിഷ്ഠയുണ്ടായിരുന്നു. ചെറുപ്പം മുതൽ അദ്ദേഹത്തെ മറവി ബാധിച്ചിരുന്നു. പ്രായമേറുന്തോറും അത് വർദ്ധിച്ചുവന്നു. എങ്കിലും നിഷ്ഠകൾക്കൊന്നും കുറവു വന്നില്ല, ആ മറവിയിലും പാവറട്ടിയെക്കുറിച്ച് ആരെങ്കിലും സൂചിപ്പിച്ചാൽ

കണ്ണുകൾ തിളങ്ങുന്നതും അധരങ്ങളിൽ മന്ദസ്മിതം വിടരുന്നതും കാണാം. സ്വന്തം കുടുംബത്തെയും പാവറട്ടി എന്ന തന്റെ ജന്മസ്ഥലത്തെയും എന്നും തന്റെ ഉള്ളിന്റെ മൃദുലമായ ഒരു കോണിൽ അദ്ദേഹം സൂക്ഷിച്ചു.

ആശ്രമത്തിന്റെ ഊട്ടുമുറിയിൽ കൈകഴുകുന്ന ബേസിനുമുകളിൽ ഉറപ്പിച്ചിരുന്ന മുഖകണ്ണാടിയിൽ നോക്കുമ്പോൾ തന്നെപ്പോലെ കാപ്പിപ്പൊടി ഉടുപ്പുകാരനായ കുട്ടിയെ കണ്ട് ഡൺസ്റ്റനച്ചൻ സന്തോഷിച്ചിരുന്നു. പാവറട്ടിക്കാരനായ അവനുമായി ദീർഘമായി സംസാരിക്കുകയും സന്തോഷം പങ്കിടുകയും ഭക്ഷണം കഴിക്കാൻ അവനെ സ്നേഹപൂർവ്വം ക്ഷണിക്കുകയും ചെയ്തിരുന്നു.

മരണത്തോടടുത്തപ്പോൾ സർവ്വവും മറവിയിലാണ്ടുപോയി. അപ്പോഴും ഈശോയെ മാത്രം മറന്നില്ല. ഞാൻ മരിച്ചു... ഞാൻ പോവാണ്... എനിക്കു സന്തോഷമാണ്... എന്നെ സഹായിക്കണെ... രക്ഷിക്കണെ... ഈശോ... എന്ന അന്ത്യ വചസ്സുകളോടെ പുണ്യപൂർണ്ണതയിലേയ്ക്കുള്ള ആ യാത്ര പൂർണ്ണമായി. അന്ന് 2006 ഒക്ടോബർ 20–ാം തിയ്യതിയായിരുന്നു.

പിറന്ന നാടിന്റെ കീർത്തി ആ പുണ്യാത്മാവ് മൂലം ഉയരട്ടെ. ആ പുണ്യശ്ലോകൻ ചരിച്ച വഴികളെല്ലാം സുകൃതകീർത്തിയാൽ അനുഗൃഹീതമാകട്ടെ. പിറന്നാൾ മാത്രമല്ല അദ്ദേഹത്തിന്റെ തിരുനാളുകളും കൊണ്ടാടപ്പെടട്ടെ.

ഡൺസ്റ്റനച്ചൻ ജനിച്ചിട്ട് നവംബർ 27ന് നൂറ് വർഷങ്ങൾ പൂർത്തിയായി. അച്ചൻ പരലോകപ്രാപ്തനായി 14 വർഷങ്ങൾ കടന്നുപോയി. അച്ചനു ജന്മം നൽകിയ ഒലക്കേങ്കിൽ കുടുംബത്തിനും അംഗമായ സി. എം. ഐ. കൂടപ്പിറപ്പുകൾക്കും മാത്രമല്ല അദ്ദേഹം ഏറെ സ്നേഹിച്ച പാവറട്ടിയിലെ ജനത്തിനും അദ്ദേഹം ദൈവസന്നിധിയിൽ ശക്തനായ മദ്ധ്യസ്ഥനാണ്. ഇടവകജനത്തിന്റെ പ്രാർത്ഥനയും ത്യാഗങ്ങളും ഡൺസ്റ്റനച്ചന്റെ വിശുദ്ധ ജീവിതത്തെ തിരുസഭ അംഗീകരിച്ചു പ്രഖ്യാപിക്കുന്നതിനു ശക്തി പകരുക തന്നെ ചെയ്യും.


## വീട് വാടകയ്ക്ക്

പാവറട്ടി ഇടവകപ്പള്ളി, സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂൾ എന്നിവയ്ക്ക് സമീപം സെന്റ് തോമസ് റോഡിൽ വീട് വാടകയ്ക്ക്. കൂടുതൽ വിവരങ്ങൾക്ക്: – **9447529974**

## സ്ഥലം വിൽപനയ്ക്ക്

- കാക്കശ്ശേരി പള്ളിയ്ക്കടുത്ത് 27 സെന്റ് സ്ഥലം മൊത്തമായും മുറിച്ചും വിൽക്കപ്പെടുന്നു.
- കാക്കശ്ശേരി പള്ളിയ്ക്കടുത്ത് 19½ സെന്റ് സ്ഥലം ചുറ്റുമതിലും വറ്റാത്ത കിണറും ഉൾപ്പെടെ.

കൂടുതൽ വിവരങ്ങൾക്ക്: 9447991758, 9497260177